## പതിമൂന്നാം കേരള നിയമസഭ - നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1899 | 22/03/2012 - ൽ മറുപടിക്ക്

## മാതൃകാ മത്സ്യഗ്രാമം പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. റ്റി.വി. രാജേഷ്: | | ശ്രീ.കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) | 13-ാം ധനകാര്യകമ്മീഷൻ, മാതൃകാ മത്സ്യഗ്രാമം പദ്ധതിയിൽ 2011-12 -ലെ മുൻസർക്കാരിന്റെ ബഡ്ജറ്റിൽ പുതിയങ്ങാടിയെ ഉൾപ്പെടുത്തിയതിന്റെ തുടർ നടപടി സംബന്ധിച്ച വിശദാംശം നൽകാമോ ; | (എ) | മുൻ സർക്കാരിന്റെ ബജറ്റ് പ്രസംഗത്തിൽ 25 മത്സ്യഗ്രാമങ്ങളെയാണ് മാതൃകാ മത്സ്യഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. അതിൽ പുതിയങ്ങാടിയും ഉൾപ്പെട്ടിട്ടുണ്ടായിരുന്നു. എന്നാൽ പുതിയ സർക്കാർ 11 മത്സ്യഗ്രാമങ്ങളെ മാതൃകാ മത്സ്യഗ്രാമങ്ങളാക്കി മാറ്റുന്നതിന് 14.55 കോടി രൂപ വീതം 160 കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. അതിൽ പുതിയങ്ങാടി ഉൾപ്പെടുന്നില്ല. |
| (ബി) | പ്രസ്തുത പദ്ധതിയിൽനിന്ന് പുതിയങ്ങാടിയെ ഒഴിവാക്കുവാൻ തീരുമാനമുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ ? | (ബി) | പുതിയങ്ങാടിക്ക് പകരം അഴീക്കൽ മത്സ്യഗ്രാമത്തെ കണ്ണൂർ ജില്ലയിൽ നിന്ന് മാതൃകാ മത്സ്യഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ